പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4471 — 26/06/2014 ൽ മറുപടിയ്ക്ക്

## വില്ലേജ് ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള എത്ര വില്ലേജ് ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) ഇ- ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്തെ 1504 വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് കണക്ഷനും നൽകിയിട്ടുണ്ട്. എൻ.എൽ.ആർ.എം.പി. പദ്ധതി പ്രകാരം 9 ജില്ലകളിലെ റീസർവ്വേ പൂർത്തിയായ 573 വില്ലേജുകളിൽ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) എല്ലാ വില്ലേജ് ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത് എന്നു മുതലാണ്; | (സി) വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം 1988-89 മുതൽ നടപ്പിലാക്കി വരുന്നു. |
| (ഡി) മുഴുവൻ വില്ലേജ് ആഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇ- ഡിസ്ട്രിക്ട് പദ്ധതി പ്രകാരം വില്ലേജുകളിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ വിതരണം പൂർത്തിയായിട്ടുണ്ട്. ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ഇ-ഡിസ്ട്രിക്ട് | എൻ.എൽ.ആർ.എം.പി |
|---|---|---|
| തിരുവനന്തപുരം | 117 | - |
| കൊല്ലം | 104 | 83 |
| പത്തനംതിട്ട | 68 | 55 |
| ആലപ്പുഴ | 91 | 68 |
| കോട്ടയം | 95 | 82 |
| ഇടുക്കി | 64 | - |
| എറണാകുളം | 118 | 69 |
| തൃശൂർ | 179 | 59 |
| പാലക്കാട് | 156 | 106 |
| മലപ്പുറം | 135 | - |
| കോഴിക്കോട് | 117 | - |
| വയനാട് | 49 | 34 |
| കണ്ണൂർ | 129 | 17 |
| കാസറഗോഡ് | 82 | - |
| **ആകെ** | **1504** | **573** |

സെക്ഷൻ ഓഫീസർ